റോഡുകളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം

53 (1992) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽപ്പെട്ട വർക്കുകളുടെ ടെന്റർ കഴിഞ്ഞ വിളയൂർ-കൈപ്പുറം റോഡ്, നെല്ലായ-മാവുണ്ടിരിക്കടവ് റോഡ് എന്നിവ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ രണ്ടു റോഡുകളുടെയും നിർമ്മാണം എന്ന് പൂർത്തിയാവുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ രണ്ട് പണികളും തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വിളയൂർ-കൈപ്പുറം റോഡിന്റെ പണി 31-3-2004-ലും നെല്ലായ-മാവുണ്ടിരിക്കടവ് റോഡിന്റെ പണി 31-5-2004-ലും പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

മണർകാട് ഭാഗത്തെ റോഡ് നിർമ്മാണം പൂർത്തിയാക്കാൻ നടപടി

54 (1993) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി-ഏറ്റുമാനൂർ ബൈപ്പാസ് റോഡിൽ മണർകാട് ഭാഗത്തെ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ട് എത്ര വർഷമായി എന്നറിയിക്കാമോ ;

(ബി) പ്രസ്തുത പണികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഏഴു വർഷം.

(ബി) 2004 ജനുവരിയോടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിലെ റോഡുകളുടേയും പാലങ്ങളുടേയും എസ്റ്റിമേറ്റ്

55 (1994) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയ റോഡുകളുടെയും പാലങ്ങളുടെയും വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വർക്കുകൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിശദവിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

കോടിമത-ചേർത്തല ആറുവരി പാതയുടെ നിർമ്മാണം

56 (1995) ശ്രീമതി മേഴ്സിരവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കോടിമത നിന്നും ചേർത്തല വരെയുള്ള ആറു വരിപ്പാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടം വരെയെത്തിയിട്ടുണ്ട് ;

(ബി) പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പ്രസ്തുത റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

പട്ടാമ്പി ബൈപ്പാസ്, പട്ടാമ്പി-ചെർപ്പുള്ളശ്ശേരി റോഡുകളുടെ നിർമ്മാണം

57 (1996) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി ബൈപ്പാസ്, പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് എന്നീ വർക്കുകൾ എന്നത്തേക്ക് പണി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ രണ്ട് വർക്കുകളും ഉടൻ ആരംഭിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഈ വർഷം തന്നെ പണികൾ തുടങ്ങുന്നതിന് നടപടിയാരംഭിക്കുന്നതാണ്.

എം. എൽ. എ. റോഡ് പൂർത്തീകരിക്കാൻ അനുമതി

58 (1997) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1988-ൽ ആരംഭിച്ച മാങ്കാവ്-കോട്ടൂളി സിവിൽ സ്റ്റേഷൻ എം.എൽ.എ. റോഡ് പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ മാവൂർ റോഡ്-കോട്ടൂളി ഭാഗത്തെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

† അനുബന്ധം -II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - II

[7-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 55 (1994) ദയവായി കാണുക]

ഭരണാനുമതി ലഭിച്ചിട്ടുള്ള പണി

1. രാജാജിമോഹൻ റോഡ് കി.മീ. 0/00 മുതൽ 0/220 വരെ കോൺക്രീറ്റ് റോഡാക്കൽ

ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പണികൾ

1. കോഴിക്കോട് മെഡിക്കൽ കോളേജ് റോഡ് വീതികൂട്ടി നന്നാക്കൽ കി.മീ. 2/400 മുതൽ 7/00 വരെ.

   അടങ്കൽ തുക - 230 ലക്ഷം രൂപ

2. കോഴിക്കോട് മിനി ബൈപ്പാസ് റോഡ് വീതികൂട്ടി നന്നാക്കൽ.

   അടങ്കൽ തുക - 228 ലക്ഷം രൂപ

3. കോഴിക്കോട് നഗരത്തിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. കോഴിക്കോട് മെഡിക്കൽ കോളേജ് റോഡ് ബി.എം.ആന്റ് എ.സി. ചെയ്യൽ കി.മി. 2/400 - 7/00 വരെ.

   അടങ്കൽ തുക - 230 ലക്ഷം രൂപ

4. കോഴിക്കോട് ബീച്ച് റോഡിലെ ആമിപ്പാലം തെക്കും വടക്കും വീതികൂട്ടി പുനർ നിർമ്മാണം.

   അടങ്കൽ തുക - 90 ലക്ഷം രൂപ

5. കരിക്കാകുളം-മാങ്കാവ് എം.എൽ.എ. റോഡിന്റെ കി.മീ. 3/025 മുതൽ 4/565 വരെ (മാവൂർ റോഡ് വരെ)

   അടങ്കൽ തുക - 27.5 ലക്ഷം രൂപ

6. മാളിക്കടവ് പാലം

   ഇൻവെസ്റ്റിഗേഷൻ നടക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

7. കരിക്കാംകുളം മാങ്കാവ് എം.എൽ.എ. റോഡിന്റെ കി.മീ. 3/925 മുതൽ 4/765 വരെ പണികൾ.

   അടങ്കൽ തുക - 27.5 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

8. കാരമ്പറമ്പ്-കുണ്ടുപറമ്പ് റോഡ് കി.മീ. 0/00 മുതൽ 0/485 വരെ അഭിവൃദ്ധിപ്പെടുത്തൽ.

അടങ്കൽ തുക – 50 ലക്ഷം രൂപ

9. തടമ്പാട് താഴംപറമ്പിൽകടവ് റോഡ് കി.മീ. 0/00 മുതൽ 2/900 വരെ (പറമ്പിൽക്കടവ് പാലം വരെ) പുനരുദ്ധാരണം.)

അടങ്കൽ തുക – 40 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly